ഒരുകാര്യം ചെയ്യാം. എല്ലാവർക്കും കൂടി ഒരു ദിവസം ഇരിക്കാം.. എന്തെല്ലാം പ്രശ്നങ്ങളുണ്ടോ അതിന് പരിഹാരം കാണാൻ ഗവൺമെൻറിന് താൽപ്പര്യമുണ്ട്. ചെയ്യാവുന്ന കാര്യങ്ങളും മുഴുവൻ ചെയ്യാം. ഇതൊരു നല്ല കാര്യമാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, അഭിഭാഷകർക്കുവേണ്ടി ഒരു ഇൻഷ്വറൻസ് നടപ്പിലാക്കുമെന്ന് പറഞ്ഞു, അത് നല്ല കാര്യമാണ് ഏതെങ്കിലും കേസിൽ പരാജയപ്പെട്ടു കഴിഞ്ഞാൽ കക്ഷികളിൽ നിന്നുള്ള ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണോ ഈ ഇൻഷ്വറൻസ് നടപ്പിലാക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇൻഷ്വറൻസ് പദ്ധതി അഭിഭാഷകരെ സംബന്ധിച്ചിടത്തോളം നല്ല ഒരു സ്കീമാണ്. അഭിഭാഷകർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണം. ശ്രീ. മാണിയുമായി ചർച്ച ചെയ്യാനും അങ്ങനെയൊരു സ്കീം തയ്യാറാക്കാനും ഞാൻ തയ്യാറാണ്. ശ്രീ. മാണിയുടെ നിർദ്ദേശം ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. എം. മാണി : അഭിഭാഷകരെ ഒരു ഗ്രൂപ്പായി ഇൻഷ്വർ ചെയ്തുകൊണ്ട് ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിക്കൊണ്ട് ഈ ഫണ്ടിൽ നിന്ന് അതിന് ആവശ്യമായ രൂപ കൊടുത്തുകൊണ്ട് അഭിഭാഷകർക്ക് കൂടുതൽ ക്ഷേമം ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും എടുക്കുന്നുവെന്നാണ് പറഞ്ഞത്. കച്ചേരികളിൽ കേസ് വാദിക്കുന്ന അഭിഭാഷകർക്ക് നേരെ കല്ലേറുണ്ടാകാം. അതിനെ അതിജീവിച്ചുകൊണ്ട് അവരുടെ ധർമ്മം അവർ നിർവ്വഹിക്കുകയാണ്. അത് സാഹസികമായ ഒരു ജോലിയാണ്, വർക്കലക്ക് അറിയാം. അദ്ദേഹത്തിന്റെ നിയമപാണ്ഡിത്യത്തെ ഞാൻ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു, കൂടുതൽ ചർച്ചയില്ലാതെ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങളും സംബന്ധിച്ച പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(3) 1986–ലെ പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ (ഭേദഗതി ബിൽ)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ, പൊതു മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച 5-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : 1968-ലെ പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) നിയമപ്രകാരം ഗവൺമെന്റിനേയോ, അല്ലെങ്കിൽ തദ്ദേശാധികാര സ്ഥാപനത്തിനേയോ കെട്ടിടങ്ങൾ മാത്രമേ ആ നിർവ്വചനത്തിൽ വരുന്നുള്ളു. ആ നിർവ്വചനത്തിൽ ഗവൺമെന്റിന്റെ കെട്ടിടങ്ങളോ അല്ലെങ്കിൽ തദ്ദേശാധികാര സ്ഥാപനങ്ങളുടെ കെട്ടിടങ്ങളോ എന്നതിനുപുറമേ ഗവൺമെന്റ് കമ്പനികളുടെയോ കോർപ്പറേഷനുകളുടേയോ കെട്ടിടങ്ങൾ കൂടി ഉൾപ്പെടുത്തണം. അങ്ങനെ അവർക്കും ഒഴുപ്പിക്കുവാനുള്ള അധികാരം ഉണ്ടാകണമെന്നുള്ള നിലയിലാണ് ഈഭേദഗതികൊണ്ടുവന്നുട്ടുള്ളത്. അതുപോലെ തന്നെ ഈഅധികാരങ്ങൾ അവർക്ക് നൽകുമ്പോൾ അവരുടെ ഒരു ഉദ്യോഗസ്ഥനെ എസ്റ്റേറ്റ് ആഫീസറായി വയ്ക്കുവാനുള്ള നിയമവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ചെറിയൊരാവശ്യമാണെങ്കിലും ഇതിനുവേണ്ടി 2, 3, 6, 12, 13, 14, 17 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യേണ്ടതാവശ്യമായി വന്നിരിക്കുകയാണ്. ഇതിലെല്ലാം പറയുന്നത് ഇന്ന് ഗവൺമെന്റ് കെട്ടിടവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടങ്ങളും ഒഴിപ്പിക്കുവാനുള്ള അധികാരം പോലെതന്നെ കോർപ്പറേഷന്റേയോ, കമ്പനിയുടേയോ കെട്ടിടം കൂടി ഒഴിപ്പിക്കുവാനുള്ള അധികാരമുണ്ടാകണമെന്നുള്ള നിലയിൽ മാത്രമാണ് ഈ ഭേദഗതികളെല്ലാംതന്നെ. ഇതിനുണ്ടായ കാരണം 1975-ൽ നമ്മുടെ സംസ്ഥാന ചെറുകിടവ്യവസായ വികസനവും തൊഴിലും കോർപ്പറേഷൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത കെട്ടിടങ്ങൾ ഒഴിപ്പിക്കുവാനുള്ള അധാകാരം കൂടി ഈ നിയമത്തിൽ കൊണ്ടുവരണമെന്നാവശ്യപ്പെടുകയുണ്ടായി. അവരുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലുള്ള ഷെഡ്ഡുകളെല്ലാം പലർക്കായി കൈമാറിയെങ്കിലും അവർ അനധികൃതമായി അത് കൈമാറുവാനും വാടക കൊടുക്കാതിരിക്കുവാനുമുള്ള നടപടിയെടുത്തപ്പോൾ ആണ് ആ സ്ഥാപനങ്ങളെ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ വന്നത്. അതോടൊപ്പംതന്നെ ഗവൺമെന്റിന്റെ മറ്റ് കമ്പനികളും കോർപ്പറേഷനുകളുംകൂടി ഈ നിർവ്വചനത്തിലുൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം വച്ചുകൊണ്ടാണ് ഈ ഓർഡിനൻസ് ഇറക്കിയത്. 1983-ൽ കൊണ്ടുവന്ന ഈ ഓർഡിനൻസ് നിയമമാക്കുവാനുള്ള ഒരു ബില്ലായിട്ടാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Smt. Bhargavi Thankappan : Sir, I move that "This House resolves to disapprove the Kerala Public Buildings (Eviction of unauthorised Occupants) Amendment Ordinance, 1986 (Ordinance No. 54 of 1986)".

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഞാൻ പിൻതാങ്ങുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ഈ ഓർഡിനൻസ് 1983 ഫെബ്രുവരി 4-ാം തീയതിയാണ് ആദ്യമായി വിളംബരം ചെയ്തത്. അതിനുശേഷം തുടർച്ചയായി പല നിയമസഭകളും കൂടിയിട്ടും ആ നിയമസഭകളിലൊന്നും തന്നെ ഈ ബിൽ അവതരിപ്പിക്കാനോ പാസ്സാക്കാനോ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഓർഡിനൻസ് മുഖേനെ തന്നെ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചിട്ടുള്ളത്, എന്നാൽ ഇപ്പോഴെങ്കിലും അതിനൊരുമാറ്റം വരുത്താൻ ഈ ഗവൺമെൻറ് ശ്രമിച്ചതിൽ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിൻെറ പരിധിയിൽ ചെറുകിടവ്യവസായ എസ്റ്റേറ്റുകളും-കേരള സർക്കാർ നടത്തുന്ന കമ്പനികളായാലും കേന്ദ്രസർക്കാർ നടത്തുന്ന കമ്പനികളായാലും, കോർപ്പറേഷനായാലും വരുമെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ—ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്—സഖാവ് ടി.വി. തോമസ് ഇവിടെ വ്യവസായവകുപ്പുമന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ച ഈ ഇഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പലതും ഇന്ന് പൂട്ടിക്കിടക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കാൻ ഇങ്ങനെ പഞ്ചായത്തുതോറും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിച്ചാൽ അവിടെ നിന്ന് ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ സംഭരിക്കാനും, അത് ഉൽപ്പാദിപ്പിച്ച് ഉൽപ്പന്നങ്ങളായി വിറ്റഴിച്ചുകൊണ്ട് തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കാനും കഴിയുമെന്നുള്ള സദുദ്ദേശമായിരുന്നു ഇതാരംഭിച്ച കാലത്തുണ്ടായിരുന്നത്. നല്ല ഉദ്ദേശത്തോടുകൂടി ആരംഭിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂരിപക്ഷവും ഇന്ന് പൂട്ടിക്കിടക്കുകയാണ്. ആ വ്യവസായശാലകൾ അനധികൃതമായി ആളുകൾ കൈമാറുന്നു, അവിടെ മറ്റ് ചില ബിസിനസ്സുകൾ നടത്തുന്നു. സർക്കാരിന് കൊടുക്കേണ്ടുന്ന കരവും അതുപോലെ സാമ്പത്തികമായിട്ടുള്ള മറ്റ് ബാദ്ധ്യതകളും അവർ നിറവേറ്റുന്നില്ല. ഈ വ്യവസായം ആരംഭിച്ച കാലത്ത് വളരെ പ്രതീക്ഷയോടുകൂടി ഈ രംഗത്തേക്ക് കടന്നുവന്ന പെറുപ്പക്കാർ ധാരാളമായിരുന്നു. അവരുടെ വ്യവസായങ്ങൾ തുടർന്നു നടത്താൻ നിർവ്വാഹമില്ലാതൊരു സാഹചര്യത്തിലെത്തിച്ചേരുകയാണുണ്ടായത്. കാർഷിക രംഗത്തായാലും വ്യാവസായിക രംഗത്തായാലും എപ്പോഴും നമ്മൾ അവലംബിക്കുന്ന നയം വളരെ വികലമാണെങ്കിൽ ആ നയം പ്രാവർത്തികമാക്കാൻ, അത് ഫലപ്രാപ്തിയിലെത്തിക്കാൻ, ജനങ്ങൾക്ക് അത് പ്രയോജനകരമാക്കിത്തീർക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. നല്ല ഉദ്ദേശത്തോടുകൂടി ആരംഭിച്ച ഈ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കാൻ എന്താ കാരണം. എന്നുള്ളതിനെ സംബന്ധിച്ച് ഇപ്പോഴെങ്കിലും നമ്മൾ അന്വേഷിക്കുന്നത് നല്ലതാണ്. ആ പ്രശ്നത്തെ സംബന്ധിച്ച് വളരെ വിശദമായി പഠിക്കുന്നത് നല്ലതാണ്. ആ വ്യവസായ സ്ഥാപനങ്ങൾ പൂട്ടാൻ പ്രധാന കാരണം അന്ന് ഈ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് ഈ സംരംഭകർക്ക്, ആവശ്യമായ സജ്ജീകരണങ്ങൾ, സഹായസഹകരണങ്ങളൊന്നും നമ്മുടെ സർക്കാർ ചെയ്തു കൊടുത്തിരുന്നില്ല. അസംസ്കൃതസാധനങ്ങൾ യഥാസമയം നൽകുന്നതിനോ അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം യഥാസമയം ലഭ്യമാക്കുന്നതിനോ, അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനോ ഈ മൂന്നു കാര്യങ്ങളിൽ നമ്മുടെ സർക്കാർ കാര്യമായി ശ്രദ്ധിക്കാതെ വന്നതുകൊണ്ടാണ് പ്രധാനമായും പൂട്ടേണ്ടി വന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അന്നത്തെ സർക്കാർ തെറ്റായ രീതിയിലുള്ള സമീപനം സ്വീകരിച്ചതുകൊണ്ടാണ് ധാരാളം ഫാക്ടറികൾ പൂട്ടപ്പെട്ടിട്ടുള്ളത്. അങ്ങനെയുള്ള ആളുകൾ ഇന്ന് ഗവൺമെൻറിൻമേൽ സാമ്പത്തിക ബാദ്ധ്യതയുള്ളവരായി മാറിയിട്ടുണ്ട്. അത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തവരായി മാറിയിട്ടുണ്ട്. ജാമ്യം നിന്നവർക്ക് അവരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്നതിനുവേണ്ടിയും അവർ ജാമ്യംവച്ചത് ജപ്തി ചെയ്യുന്നതിനുവേണ്ടിയുമുള്ള നടപടികളൊക്കെ സർക്കാർ എടുക്കുന്നുണ്ട്. ഒരവസരത്തിൽ സർക്കാർ നല്ല ഉദ്ദേശത്തോടുകൂടി ആരംഭിച്ചതാണെങ്കിലും അതിൽ ഏർപ്പെട്ടിട്ടുള്ള ആളുകളെ ഇന്ന് കൂടുതൽ കടബാദ്ധ്യതയുള്ളവരാക്കി മാറിക്കഴിഞ്ഞു എന്നു പറഞ്ഞാൽ അതിനുത്തരവാദി സർക്കാർ തന്നെയാണ്. ഈ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവരെ സംരക്ഷിക്കാൻ എന്താണ് മാർഗ്ഗമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിനെക്കുറിച്ച് ഈ ബില്ലിൽ ഒന്നും പറയുന്നില്ല. ഇപ്പോഴത്തെ ഈ വ്യവസ്ഥയ എസ്റ്റേറ്റുകളിൽ ചെറുകിട വ്യവസായങ്ങളും വാടകയ്ക്ക് ചില കെട്ടിടങ്ങളിൽ നടത്തുന്ന ആളുകളുണ്ട്. ഉദാഹരണത്തിന് വനിതാ വ്യവസായികളും 1975-ൽ ഇൻറർനാഷണൽ വിമൻസ് ഇയർ ഇവിടെ ആഘോഷിച്ചപ്പോഴും സ്ത്രീകളും വ്യവസായം ആരംഭിക്കാൻ, അവർക്ക് എല്ലാം ഇപ്പോഴും തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമെന്ന് പറഞ്ഞ് സ്ത്രീകളെ പ്രലോഭിപ്പിച്ച് വ്യവസായ രംഗത്തേക്ക് കൊണ്ടുവന്നു. എന്നാൽ ഈ സ്ത്രീകളും കെട്ടിടങ്ങളും വാടകയ്ക്ക് എടുത്തു നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുണ്ട്. അവരെ ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലേക്ക് മാറുന്നതിനുവേണ്ടി അവർക്ക് ആ പ്ലോട്ട് അലോട്ട് ചെയ്യുന്നതിനു വേണ്ടി ധാരാളം അപേക്ഷകളും ഈ ഗവൺമെൻറിനു അയച്ചിട്ടുണ്ട്, പക്ഷേ അത് പരിശോധിക്കാനോ, അതനുസരിച്ച് അവർക്ക് കൊടുക്കുന്നതിനോ, ന്യായമായ നികുതി ഈടാക്കിക്കൊണ്ടോ, അല്ലെങ്കിൽ കരം ഈടാക്കിക്കൊണ്ടോ കൊടുക്കുന്നതിനോ യാതൊരു നടപടിയും എടുത്തിട്ടില്ല. അങ്ങനെ അടഞ്ഞു കിടക്കുന്ന പ്രദേശങ്ങളിൽ കൈയൂക്കുള്ളവർ കാര്യക്കാരൻ എന്ന നിലയിൽ ചിലർ അനധികൃതമായി കടന്നു വരികയും അവർ അവിടെ വ്യവസായങ്ങളാരംഭിച്ച് നടത്തിക്കൊണ്ടു വരികയും ചെയ്യുന്നുണ്ട്. അവരെ ഒഴിപ്പിക്കാൻ നമ്മുടെ സർക്കാരിനു കഴിയാറുമില്ല. എന്നാൽ ഈ വ്യവസായ ശാലകളും തുറന്നു കിട്ടണമെന്നാവശ്യപ്പെടുന്ന, വാസ്തവത്തിൽ ന്യായമായി ഈ കെട്ടിടങ്ങളും കിട്ടണം. ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും കിട്ടണമെന്നാവശ്യപ്പെടുന്ന, സാമ്പത്തികശേഷിയില്ലാത്ത ആളുകൾക്ക്, വ്യവസായം നടത്താൻ മുന്നോട്ടു വരുന്ന ആളുകൾക്ക്, ചെറുകിട വ്യവസായ സംരംഭകർക്ക് ഈ സർക്കാർ കാര്യമായി യാതൊരു സഹായവും ചെയ്യുന്നില്ല എന്നുള്ളതാണ് വസ്തുത.

സർ, അങ്ങനെയുള്ളവർക്ക് എന്തെങ്കിലും സഹായം ചെയ്യും എന്നുള്ളതിനെ സംബന്ധിച്ച് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഈ ബില്ലിൻെറ ചർച്ചയിൽ തീർച്ചയായും ഇത്തരം പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഈ ബില്ലിൽ അതിനുള്ള വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു വ്യവസ്ഥയുണ്ടാക്കിയാൽ കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയ്ക്ക് അനധികൃതമായി കടന്നുവന്ന് ഗവൺമെൻറിനെ വെട്ടിക്കുന്ന ആളുകളെ നിലയ്ക്കുനിർത്തുവാനും അർഹതയുള്ള ആളുകൾക്ക് ഈ വ്യവസായശാലകളും തുടർന്നു നൽകുവാനും കഴിയും. ഇതൊരു ചെറിയ അമെൻറ്മെൻറാണല്ലോ, ചെറിയ കാര്യമാണല്ലോ എന്നുള്ള ഒരു ധാരണയിൽ ഈ ബില്ല് അവതരിപ്പിച്ച് പാസാക്കാൻ ശ്രമിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, വ്യവസായ രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കപ്പെടും? ഉദാഹരണമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കാര്യമെടുക്കാം. വെറെയാരെയെങ്കിലും അവിടെ പുനരധിവസിപ്പിച്ചാൽ അവർക്കും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവുകയില്ലേ? വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ അവർക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകുമ്പോൾ പണം ലഭ്യമാക്കണ്ടേ? അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കണ്ടേ? ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണ്ടേ? അതിനൊക്കെ എന്തു മാർഗ്ഗമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതിനെക്കുറിച്ച് ഈ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ? ഗവൺമെൻറും വ്യവസായവകുപ്പും ഇതുസംബന്ധിച്ച് യാതൊരു നയവും രൂപീകരിച്ചിട്ടില്ല. എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ; ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻവേണ്ടി തുടങ്ങിയിട്ടുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. അത് മിക്കവാറും പൂട്ടിക്കിടക്കുന്നുണ്ട്. അങ്ങനെ പൂട്ടിക്കിടക്കുന്നതിൽ അനധികൃതമായി ആളുകൾ കയ്യേറുന്നുണ്ട്. അവരെ ഒഴിപ്പിക്കാൻ ഈ നിയമം ബാധകമാകുമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. അതിന് വ്യവസ്ഥയുണ്ട് എന്ന് പറയുന്നു. അവരെ ഒഴിപ്പിച്ച് കാശ് ഇൗടാക്കിയാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഗവൺമെന്റു കണക്കിലെടുക്കണം. ഗവൺമെന്റിന് കിട്ടേണ്ട കാശ് കിട്ടരുത് എന്ന് പറയുന്നതിൽ അർത്ഥമില്ല. ഗവൺമെന്റിന് കിട്ടാനുള്ള കാശ് തീർച്ചയായും കിട്ടത്തക്കവിധത്തിലുള്ള നടപടികളും സ്വീകരിക്കുകതന്നെവേണം. അതേസമയം പാവപ്പെട്ട ആളുകളുടെ കാര്യം പരിഗണിക്കുകയും വേണം. ഉദാഹരണത്തിന് വ്യവസായം തുടങ്ങാൻ കൈമാറ്റം നടത്തിയിട്ടുള്ളത് പലപ്പോഴും നിയമപരമായിരിക്കുകയില്ല. പാവപ്പെട്ട ഒരാൾക്ക് ഈ വിധത്തിൽ കൈമാറ്റം നടത്തി തുണിയാണ് വ്യവസായവും തുടങ്ങിയെന്നിരിക്കും. എന്തെങ്കിലും ചെറിയ ഒരു മില്ലോ മറ്റോ തുടങ്ങി ചില്ലറ വരുമാനവും ഉപജീവനവും കണ്ടെത്തുന്നവരാണ് ഇക്കൂട്ടത്തിൽ പെട്ടവർ. പക്ഷെ അവരെ ഒഴിവാക്കി അവരിൽനിന്നും ഈടാക്കാനുള്ള കാശ് മുഴുവനും ഈടാക്കാൻ ശ്രമിച്ചാൽ അവന് അഞ്ചോ സെന്റ് സ്ഥലമുണ്ടെങ്കിൽ അതും ജപ്തിയിൽപോകും. അപ്പോൾ അവരെ എങ്ങനെ സഹായിക്കാൻ കഴിയും എന്നതുസംബന്ധിച്ച് ഈ ബില്ലിൽ വ്യവസ്ഥയുണ്ടോ? വ്യവസ്ഥ ഇല്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഇന്ന് വ്യവസായം നടത്തുന്ന വ്യവസായ സംരംഭകരെ സഹായിക്കാൻവേണ്ടിയിട്ട് അല്ലെങ്കിൽ അനധികൃതമായി കൈയേറ്റം നടത്തി വ്യവസായം നടത്തുന്നവരെ ഒഴിപ്പിച്ച് അർഹതപെട്ടവരെ പുനരധിവസിപ്പിക്കുമ്പോൾ അവർക്ക് വ്യവസായം നടത്തുന്നതിന് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതിന് എന്തെങ്കിലും ഒരു പരിപാടി ഈ ബില്ലിൽക്കൂടി പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ഈ ബില്ലിനെ സ്വാഗതം ചെയ്യാൻ കഴിയുമായിരുന്നു. അതൊന്നുംതന്നെ ഈ ബില്ലിൽ പറയുന്നില്ല. ഇതിന്റെ ലക്ഷ്യം വളരെ പരിമിതമാണ്. ഈ ബില്ലിനെസംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ വ്യവസായരംഗത്തുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളും പ്രത്യേകിച്ച് ചെറുകിട വ്യവസായരംഗത്തെ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടണം. അതിനെക്കുറിച്ച് തീരുമാനം ഉണ്ടാകണം. യാതൊരു ചെറുകിട വ്യവസായികളും അവരുടെ ജീവിതമാർഗ്ഗംതന്നെ മുട്ടി കിടപ്പാടംവരെ വിറ്റ് അല്ലെങ്കിൽ ജപ്തിയായി ഇന്നും പ്രാരാബ്ദത്തിൽ കഴിയുന്നവരാണ്. അവർക്ക് അനുകൂലമായി എന്തെങ്കിലും തീരുമാനങ്ങൾ എടുക്കുന്നതിന് ഈ ബിൽ പാസാക്കുന്നവേളയിൽ ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. വ്യവസായത്തെക്കുറിച്ച് പറയാനാണെങ്കിൽ ധാരാളം പറയാനുണ്ട്. നമ്മുടെ വ്യവസായരംഗത്തെ യാകെ സർക്കാർ വളരെ അവഗണനയോടുകൂടിയാണ് കാണുന്നത്. തൊഴിലില്ലാതെ 26 ലക്ഷം യുവതീയുവാക്കളാണ് എംപ്ലോയ്മെന്റു എക്സേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത് ജോലിക്കുവേണ്ടി കാത്തിരിക്കുന്നത്. പേരുപോലും രജിസ്റ്റർ ചെയ്യാത്ത ലക്ഷക്കണക്കിനാളുകളും വേറെയും ഉണ്ട്. ഒരു വലിയ പ്രശ്നമെന്നുള്ള നിലയ്ക്ക് ഇത് പഠിക്കുവാൻ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. വ്യവസായരംഗത്തുകൂടുതൽ മുതൽമുടക്കുനടത്തി തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരു പ്രവർത്തനവും ഈ സർക്കാർ ചെയ്യുന്നില്ല. നമ്മുടെ നാട്ടിൽ കൂടുതൽ തൊഴിലില്ലാത്ത ആളുകളെ സൃഷ്ടിക്കുന്ന ഈ സർക്കാരിന്റെ ഈ ഓർഡിനൻസ് നിരാകരിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

I move that the Kerala Public buildings (Eviction of unauthorised Occupants) Amendment Bill, 1986 be Circulated for eliciting public

LIBRARY ARCHIVES Kerala Legislative Assembly

Opinion till 30-11-1986. ഈ ഭേദഗതിയിൽ 1968-ലെ ബില്ലിലെ വകുപ്പുകളെ ഭേദഗതി ചെയ്യാനുള്ളതാണ്. പ്രധാനമായും ഒറിജിനൽ പേരൻറ് ആക്ടിൽ എസ്റ്റാബ്ലിഷ്മെൻറ് ഓഫീസറായി നിയമിക്കപ്പെട്ടിരിക്കുന്നത് ലോക്കൽ ബോഡീസിൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറാണെങ്കിൽ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും അതിന്റെ കമ്മീഷണർമാർ ആയിരുന്നു. ലോക്കൽ ബോഡീസിന്റെ അല്ലാത്ത കെട്ടിടങ്ങൾക്ക് അൺ ആത റൈസ്ഡ് ഓക്യുപ്പൻറ്സ് ഉണ്ട്. അനധികൃതമായി കൈയേറി വച്ചിരിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്നതിന് കളക്ടർമാർക്ക് അല്ലെങ്കിൽ അതിൽ താഴെയുള്ള ഏതെങ്കിലും ഗസറ്റഡ് ഉദ്യോഗസ്ഥൻമാർക്ക് അനുവാദം കൊടുത്തിരുന്നു, അതുകൊള്ളാം. ഇപ്പോൾ ഗവൺമെൻറിന്റെ 51 ശതമാനം ഷെയറുള്ള കമ്പനികളും സംസ്ഥാനഗവൺമെൻറിനേറെയും കേന്ദ്രഗവൺമെൻറിനേറെയും സംയുക്തമായ സംരംഭങ്ങളുടെ അധികാരാതൃത്തിയിലുള്ള കെട്ടിടങ്ങളുടെ ഒഴിപ്പിക്കലും ഇവിടെ വിവക്ഷ ചെയ്യുന്നു. ഈ അമൻറുമെൻറു സ്വാഗതം ചെയ്യാതിരിക്കാൻ കഴിയുകയില്ല. ഗവൺമെൻറിനോ ലോക്കൽ ബോഡിസോ ഏതെങ്കിലും കെട്ടിടം വാടകയ്ക്ക് കൊടുത്താൽ അത് ഒഴിപ്പിക്കുന്നതിന് കീഴ്ക്കോടതി കയറിയിറങ്ങുന്ന ബുദ്ധിമുട്ടു ഒഴിവാക്കുന്നതിനാണ് എസ്റ്റേറ്റ് ഓഫീസർമാർക്ക് ഇങ്ങനെയുള്ള പ്രത്യേകാധികാരം പേരൻറ് ആക്ടിൽ കൊടുത്തിരുന്നത്. എന്നാൽ എൻറെ സംശയം പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും മുനിസിപ്പൽ കമ്മീഷണർമാർക്കും ഇതിനെക്കുറിച്ച് വല്ല വിവരവും ഉണ്ടോയെന്നാണ്. എൻറെ അനുഭവത്തിൽ ആക്ടിനെയെടുത്ത് കൈയിൽക്കൊടുത്താൽ അത് വായിച്ച് മനസിലാക്കി ചെയ്യാൻ കഴിവില്ലാത്തവരാണ് പല മുനിസിപ്പൽ കമ്മീഷണർമാരും. ഞാൻ തന്നെ രണ്ടു മുനിസിപ്പൽ കമ്മീഷണർമാർക്ക് ഈ ആക്ടിൻറെ പ്രൊവിഷനെടുത്തു കാണിച്ചുകൊടുത്തു. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ ഒരു കെട്ടിടം കൈവശപ്പെടുത്തിയിരിക്കുന്ന ഒരുത്തനെ ഒഴിപ്പിക്കാൻവേണ്ടിയായിരുന്നു അത്. എന്നാൽ രണ്ടുപേരും അത് ചെയ്തില്ല. അതുകൊണ്ട് ഈ ആക്ടിൻറെ പ്രൊവിഷൻ എങ്ങനെ ഉപയോഗിക്കണം എന്നുള്ളതിനെ സംബന്ധിച്ച് പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ഒരു ട്രെയിനിംഗ് നമ്മുടെ പഞ്ചായത്തുമന്ത്രി നൽകിയാൽ കൊള്ളാം.

സർ, എനിക്കൊരു ഒബ്ജക്ഷൻ ഉള്ളത് കമ്പനികൾ കമ്പനികളുടെ കെട്ടിടങ്ങളിൽനിന്നും ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുവേണ്ടി കമ്പനികളുടേയും കോർപ്പറേഷൻറേയും ഒരു ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അതുസംബന്ധിച്ച് ഒരു ക്ലാരിറ്റി വേണം. ഒരു ഓഫീസർ എന്നു പറയുമ്പോൾ ആരുമാകാം. കമ്പനികളിൽ നൂറുകണക്കിന് ഓഫീസർമാരുണ്ടാകും. ഒന്നുകിൽ കമ്പനികളുടെ മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ അതുപോലെ ഉത്തരവാദപ്പെട്ട ഒരാളായിരിക്കണം ഈ നടപടികൾ തുടങ്ങേണ്ടതെന്നും ഒഴിപ്പിക്കാൻ നോട്ടീസ് കൊടുക്കേണ്ടതെന്നുമുള്ള ഒരു വ്യക്തത ഈ നിയമത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. സബ്ജക്ട് കമ്മിറ്റിക്കുപോയി തിരിച്ചു വരുമ്പോൾ ഇതിനുവേണ്ട നിർവ്വചനം കൊടുക്കണം. "an Officer of the Company or Corporation" എന്ന് എഴുതിയിട്ടുണ്ട് 'an Officer' എന്നുള്ളതിന് ഔദ്യോഗിക ഭാഗത്തുനിന്നുതന്നെ വ്യക്തമായ ഒരു നിർവ്വചനം കൊടുത്ത് തിരിച്ചുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് ഫലപ്രദമായി നടപ്പിലാക്കിയാൽ അനധികൃതമായി സർക്കാർ കെട്ടിടങ്ങളിൽ കയറിപ്പറ്റുന്നവരെയും, അധികൃതമായി സർക്കാർ കെട്ടിടം ഒക്കുപ്പൈ ചെയ്തതിനു ശേഷം ഗവൺമെൻറോ, കമ്പനിയോ, ലോക്കൽ ബോഡിസോ ആവശ്യപ്പെട്ടാൽ പോലും ഒഴിഞ്ഞുകൊടുക്കാതെ സിവിൽ കോടതിയിൽകൂടിയോ, മറെറതെ

LIBRARY ARCHIVES Kerala Legislative Assembly

കിലും കുറുക്കുവഴിയിൽക്കൂടിയോ കൈവശം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന ആളുകളേയും ഒഴിപ്പിക്കാൻ കഴിയും. അത്തരം ആളുകളെ സംബന്ധിച്ചിടത്തോളം ഈ ബില്ലിലെ പ്രൊവിഷൻസ് ഉപയോഗിച്ചാൽ കാലതാമസം ഒഴിവാക്കിക്കൊണ്ട്, കോടതി കയറാതെത്തന്നെ പ്രോപ്പർ നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കുവാനുള്ള അധികാരം നൽകുന്നതാണ് പാരൻറ്ബിൽ. കമ്പനികൾക്കുകൂടി ഈ അധികാരം കൊടുക്കുന്നതുകൊള്ളാം. അതിനെ സ്വാഗതം ചെയ്തുകൊണ്ടാണ് നേരത്തെ നിർദ്ദേശിച്ചതുപോലെ 'an Officer of the Company or Corporation' എന്നു പറയുന്നത്, ചുരുങ്ങിയത് മാനേജിംഗ് ഡയറക്ടറെങ്കിലും ആയിരിക്കണമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, എൻറെ ഭേദഗതി അവതരിപ്പിക്കുന്നു. I move that the Kerala Public Buildings (Eviction of Unauthorised Occupants) Amendment Bill, 1936 be refered to a Select Committee. നിലവിലുണ്ടായിരുന്ന നിയമത്തിൽ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകിക്കൊണ്ടിരുന്ന കെട്ടിടങ്ങൾ കൂടി ഒഴിപ്പിക്കുവാൻ കഴിയുന്ന രൂപത്തിൽ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. നമ്മുടെ സർക്കാരിൻറെയോ, തദ്ദേശസ്ഥാപനങ്ങളുടേയോ കെട്ടിടങ്ങൾ അനധികൃതമായി കൈവശം വയ്ക്കുന്ന പ്രവണത തീർച്ചയായിട്ടും നിരുൽസാഹപ്പെടുത്തേണ്ടതാണ് ഇത്തരം സംഭവങ്ങൾ കർശനമായി പരിപാലിക്കുകയും വേണം. എന്നാൽ ഇവിടെ ഈ നിയമം ചെറുകിട വ്യവസായ കോർപ്പറേഷനുകൂടി ബാധകമാക്കണമെന്നു പറയുമ്പോൾ, അത് മറ്റുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു പ്രശ്നമാണ്. കെട്ടിടം കൈവശം വന്ന ആളിനെ ഒഴിപ്പിക്കേണ്ട സാഹചര്യം എന്തുകൊണ്ടുണ്ടായി, അവരെ ഒഴിപ്പിക്കാൻ നിയമഭേദഗതിയോ അല്ലെങ്കിൽ നിലവിലുള്ള ഒരു നിയമത്തിൽ ഭേദഗതി വരുത്തിയോ അവരെ പെട്ടെന്ന് ഒഴിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനോ ഒരുവലിയ സാമൂഹ്യ പ്രശ്നം കൂടിയാണിത്. ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്ന മന്ത്രിയെക്കാൾ, ഇത് ബാധകമാക്കിക്കൊണ്ടുവരാൻ ചുമതലപ്പെട്ട വകുപ്പിൽ നിന്നുതന്നെയാണ് അത് കൊണ്ടുവരേണ്ടത്. ഗുണകരമായ ഒരു നിയമഭേദഗതിയുടെമാത്രം പ്രശ്നമായി എടുക്കണമെന്നുള്ളതാണ് പ്രശ്നം. ചെറുകിട വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നമാണിത്. അല്ലെങ്കിൽ അവരുടെ അവസ്ഥയാണ് യഥാർത്ഥത്തിൽ ഈ ഭേദഗതിയിൽ നിഴലിച്ചുകാണുന്നത്. ഇത്തരം സ്ഥാപനങ്ങളിൽ മാത്രമല്ല, നമ്മുടെ സർക്കാരിൻറെ കീഴിലുള്ള എല്ലാ വകുപ്പുകളിലും തൊഴിൽസാദ്ധ്യതകൾ കുറഞ്ഞുവരുന്നു. സർക്കാരുടമയിലുള്ള കോർപ്പറേഷനുകളിലും മറ്റു സ്ഥാപനങ്ങളിലുമൊക്കെ ഒഴിവുകളുടെ സാദ്ധ്യതയില്ലെന്നു മാത്രമല്ല, ഉള്ള ഒഴിവുകൾപോലും നികത്തുന്നുമില്ല. അങ്ങനെ തൊഴിൽമേഖല വളരെ ചുരുങ്ങി വരുന്നു. നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർ എന്തെങ്കിലും തൊഴിൽ സാദ്ധ്യതകൾ സ്വയം കണ്ടുപിടിക്കുന്നതിനുള്ള സംരംഭത്തെ പ്രോൽസാഹിപ്പിച്ച് തൊഴിലില്ലായ്മ പരിഹരിക്കുവാൻ ശ്രമിക്കുന്നുവെന്നാണ് സർക്കാർ എപ്പോഴും വാദമുഖങ്ങൾ ഉയർത്തുന്നത്. നമ്മുടെ രാജ്യത്തെ ചെറുകിട വ്യവസായ സംരംഭകരെ നേരിടുന്ന മുഖ്യമായ പ്രശ്നം, അവർ ഏത് സ്ഥിതിയിൽ ജീവിതം മെച്ചപ്പെടുത്തുവാൻ മുന്നോട്ടു വരുന്നുവോ അതിനെക്കാൾ വളരെ ദയനീയമായ അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതാണ്. ഇങ്ങനെ കെട്ടിടങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്ന ആളുകളെ അത് നിലനിറുത്തിക്കൊണ്ട്, ആ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. അത് തീർച്ചയായിട്ടും ഈ രാജ്യത്തെ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനപ്പുറത്തേക്ക് വ്യവസായ സംരംഭകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ മാർക്കറ്റോ മറ്റു പ്രശ്നങ്ങളിലോ ഈ സംരംഭകരെ സഹായിക്കുവാൻ തയ്യാറാകണം. അതിന്റെ അനന്തര ഫലമായാണ് ഇന്നിവിടെ ഈ നിയമഭേദഗതിയുടെ ആധാരമായി വന്നിരിക്കുന്ന പ്രശ്നം. ഈ നിയമം ചർച്ച ചെയ്യപ്പെടുമ്പോഴും ഇത്തരം സംരംഭകരെ ഈ അവസ്ഥാവിശേഷത്തിലേക്ക് തള്ളിവിട്ട സാഹചര്യത്തെക്കുറിച്ചും കൂടി ചർച്ച ചെയ്യേണ്ടതാണെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഈ നിയമത്തെ അനുകൂലിക്കുന്നു. സർക്കാർവക സ്ഥാപനങ്ങളും കെട്ടിടങ്ങളും ആരുടെയെങ്കിലും കയ്യിൽ ഏതെങ്കിലും രീതിയിൽ വന്നുകഴിഞ്ഞാൽ അത് വിട്ടുകൊടുക്കുകയെന്നുള്ളത് നമ്മുടെ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. അത് വിട്ടുകൊടുക്കുന്നതിന് യാതൊരു ആഗ്രഹവും പ്രകടിപ്പിക്കാറില്ല. വിട്ടുകൊടുക്കേണ്ടതില്ല, കരം കൊടുക്കേണ്ടതില്ല, അല്ലെങ്കിൽ ഗവൺമെന്റ് കെട്ടിടങ്ങൾ ആയതുകൊണ്ട് അതിന് വാടക കൊടുക്കേണ്ടതില്ലെന്നുള്ള ഒരു പ്രവണത ഈ രാജ്യത്ത് വളർന്നുവരുന്നുണ്ട്. അതുകൊണ്ട് ഈ നിയമം ഉണ്ടാക്കേണ്ടിവന്നുവെന്നുള്ളതാണ് സത്യം. കോർപ്പറേഷൻ വകയാരാളം കെട്ടിടങ്ങളുണ്ടാക്കി ചെറുകിട വ്യവസായികൾക്ക് കൊടുക്കുന്നുണ്ട്. അവർ വാടക കൊടുക്കാത കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട്. വാടകയെങ്കിലും കൊടുക്കേണ്ടേ ? അങ്ങനെ കോർപ്പറേഷനെ നിലനിർത്തണ്ടേ ? വ്യവസായികളുടെ ഇടയിലും അല്ലാത്തവരുടെ ഇടയിലും ഇങ്ങനെയൊരു പ്രവണത ഉണ്ടായിരിക്കുന്ന ഒരു അവസ്ഥയാണ്. ചില ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് അനുവദിച്ചിട്ടുള്ള കുറെ സ്ഥലങ്ങളുണ്ട്. വേളിയിൽ കുറെ സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്. ഇത് ശ്രീ. ടി. വി. തോമസ്സിന്റെ കാലത്ത് ഉണ്ടാക്കിയ ഒരു പദ്ധതിയാണ്. വ്യവസായികൾക്ക് ലീസിന് കൊടുക്കുന്നതാണ്. പക്ഷേ കൈവശം കിട്ടിയവർ പോലും വ്യവസായം തുടങ്ങുന്നതിനുപകരം തെങ്ങ് വച്ചുപിടിപ്പിച്ചിരിക്കുന്നു. എങ്ങനെയെങ്കിലും കെട്ടിടങ്ങൾ കിട്ടികഴിഞ്ഞാൽ അവർ ഉദ്ദേശിക്കുന്ന വ്യവസായമല്ല, അവർക്ക് തോന്നുന്ന രീതിയിൽ പ്രവർത്തനം നടത്തുന്ന പ്രവണതയാണ് ഇന്ന് ഈ രാജ്യത്തുള്ളത്. അതുകൊണ്ടാണ് ഈ നിയമം കൊണ്ടുവരേണ്ടിവന്നത്. ഇന്ന് പുറമ്പോക്ക് സ്ഥലങ്ങളിൽ ധാരാളം കെട്ടിടങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സാധാരണ പുറമ്പോക്ക് സ്ഥലം കൈവശപ്പെടുത്തുന്നത് എങ്ങനെയാണ് ? സ്വന്തം വസ്തുവിൽ കെട്ടിടം വയ്ക്കുക, പിന്നെ ഒരു ചായപ്പുണ്ടാക്കി കെട്ടിടമാക്കി മാറ്റുക. ഇത് ഇന്നു നടന്നുവരുന്ന ഒരു കാര്യമാണ്. ഇത് ഒഴിപ്പിക്കാൻ ഈ രാജ്യത്ത് കാര്യമായ നിയമമില്ല. ലാൻഡ് കൺസർവൻസി ആക്ട് എന്നൊരു ആക്ടുണ്ട്. അത് പഴയ ഒരു നിയമമാണ്. ആ നിയമംമൂലം ഇന്നത്തെ എൻക്രോച്ച്മെന്റ് ഒഴിപ്പിക്കാൻകഴിയാതെ വന്നിരിക്കുന്നു. ആ സ്ഥിതിക്ക് ഒരു മാറ്റം ഉണ്ടാകണം. പുതിയ നിയമമുണ്ടാക്കി പുറമ്പോക്ക് സ്ഥലങ്ങൾ, റോഡ് പുറമ്പോക്ക് ആയാലും അല്ലാത്തതായാലും കൈവശപ്പെടുത്തുന്നത് നിരുൽസാഹപ്പെടുത്തുകയും അത് ഒഴിപ്പിക്കാൻ തയ്യാറാകുകയും ചെയ്യണം. അതുപോലെ പുറമ്പോക്ക് സ്ഥലത്ത് കെട്ടിടങ്ങൾ വച്ചിട്ടുള്ള ആളുകളുണ്ട്. അവരെ എങ്ങനെ ഒഴിപ്പിക്കാം ? അവരെ ഒഴിപ്പിക്കാൻ വളരെ പ്രയാസമാണ്. ആ കെട്ടിടവും ഗവൺമെന്റിനേറ്റതായി മാറത്തക്ക തരത്തിലുള്ള ഒരു നിയമം ഉണ്ടാക്കി അത് കൈവശപ്പെടുത്തണം. അതിനുവേണ്ടി ലാൻഡ് കൺസർവൻസി ആക്ടിനെ അമൻഡ്മെന്റ് വരുത്തിയോ അല്ലെങ്കിൽ ഒരു നിയമംതന്നെ കൊണ്ടുവരുകയോ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർക്കാർവക റോഡ് പുറമ്പോക്കിലും റെയിൽവേ പുറമ്പോക്കിലും ധാരാളം കുടിലുകളും കെട്ടിടങ്ങളും കെട്ടി കഴിഞ്ഞുകൂടുന്ന സ്ഥിതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഒഴിപ്പിക്കാൻ കഴിയുന്നില്ല. വസ്തുവില്ലാത്തവർക്ക് സർക്കാർ, വസ്തു കൊടുത്താൽപോലും ആ പുറമ്പോക്ക് സ്ഥലങ്ങളിൽനിന്ന്, കൊടുത്ത വസ്തുവിൽ പോയി താമസിക്കുവാനുള്ള താൽപര്യം കാണിക്കാത്ത ധാരാളം ആളുകളുണ്ട്. അവരെ ഒഴിപ്പിക്കണം. ഇവരെയൊക്കെ ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് കോടതിയാണ്. കോടതിയുടെ വരാന്തയിൽക്കൂടി പോയാലും അവർക്ക് സ്റ്റേ കൊടുക്കും. സർക്കാർ ഉദ്യോഗസ്ഥൻമാർ ഇവരെ ഒഴിപ്പിക്കാൻ മെനക്കെടാറില്ല; സമയമെടുക്കാറില്ല. അഥവാ ആരെങ്കിലും ഒഴിപ്പിക്കുന്നതിന് നടപടിയെടുത്താൽ അതിനെ തടസ്സപ്പെടുത്തുന്ന ഒരു രീതിയാണ് ഇന്ന് കോടതികളിൽ ഉള്ളത്. അതിനെക്കുറിച്ച് ചീഫ് ജസ്റ്റീസുമായി ചർച്ചചെയ്ത് സർക്കാർവക പുറമ്പോക്ക് സ്ഥലങ്ങളും സർക്കാരിന്റെ അധീനതയിൽത്തന്നെയാക്കുന്നതിനുള്ള നടപടിയെടുക്കണം. സർക്കാർവക സ്ഥലത്ത് വച്ചിട്ടുള്ള കെട്ടിടങ്ങളും മറ്റും ഒഴിപ്പിക്കാൻ തക്കവിധത്തിൽ എൻക്രോച്ച്മെന്റ് തടയത്തക്കവിധത്തിൽ സമഗ്രമായ ഒരു നിയമം ഈ രാജ്യത്തുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നിയമത്തെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇതൊരു ചെറിയ കാര്യമാണ്. സർക്കാരിന്റെ കെട്ടിടങ്ങളിലെ അനധികൃതമായ കൈയേറ്റക്കാരെ ഒഴിവാക്കുന്നതിനുള്ള നിയമം 'സിഡ്കോ' പോലെയുള്ള കമ്പനികൾക്കുകൂടി ബാധകമാക്കണമെന്നുള്ളതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റു

1 PM.] കളിലെ ഷെഡ്ഡുകളിൽ അനധികൃതമായി കൈയേറിയവരെ ഉദ്ദേശിച്ചുകൊണ്ടുവന്ന ഒരു ഭേദഗതിയാണ്. ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ വ്യവസായങ്ങൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വ്യവസായ യൂണിറ്റുകൾ എന്നിവ ഉണ്ടാക്കുന്നതിനായി സർക്കാർ കെട്ടിടങ്ങൾ കൊടുത്താൽ ആ പർപ്പസ് നിർവ്വഹിക്കാതെ ആർക്കെങ്കിലും അത് കൈമാറ്റം ചെയ്യുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി എനിക്ക് ചൂണ്ടിക്കാണിക്കുവാനുണ്ട്. സർക്കാർ എല്ലാ കമ്പനികളിലും സ്വയംഭരണ സ്ഥാപനങ്ങളിലും എസ്റ്റേറ്റ് ആഫീസർമാരെ വച്ചിട്ടുണ്ട്. സർക്കാർ ഒരുപാട് സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നുണ്ട്. അത് സർക്കാരിന്റെ ആവശ്യത്തിനു വേണ്ടിയാണ്. ആ കെട്ടിടങ്ങളിൽ വാടക നിശ്ചയിക്കുന്നതിൽ പലപ്പോഴും പല അപാകതകളും ഉണ്ടാകുന്നുണ്ട്. അത് മറ്റൊരു പ്രശ്നമാണ്. പക്ഷെ സർക്കാർ പണവും കൊടുക്കാറില്ല ആവശ്യത്തിന് വേണമെന്നു പറഞ്ഞാൽ ഒഴിഞ്ഞും കൊടുക്കാറില്ല. സ്വകാര്യ വ്യക്തികൾക്ക് അത്യാവശ്യത്തിന് ഒരു കെട്ടിടമേ ഉണ്ടാവുകയുള്ളു. അവർ വിദേശത്തോ മറ്റോ പോവുകയാണെങ്കിൽ അത് സർക്കാരിന് വാടകയ്ക്ക് കൊടുക്കും. വളരെ ആകർഷകമായ വാടകയായിരിക്കും ഫിക്സ് ചെയ്യുന്നത്. അവസാനം വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശികയാകും. സർക്കാർ ആഫീസുകൾക്കുവേണ്ടി എടുക്കുന്ന കെട്ടിടങ്ങളുടെ വാടക കൊടുക്കുന്നതിൽ വളരെ പ്രയാസങ്ങളുണ്ടായിരുന്നു. പി. ഡബ്ല്യു. ഡി. യാണ് പണം കൊടുക്കുന്നത്. പി. ഡബ്ല്യു ഡി. യിൽ സാമ്പത്തിക ബുദ്ധിമുട്ട് വന്നപ്പോൾ കരാറുകാരെപ്പോലെതന്നെ കെട്ടിടമുടമസ്ഥരും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നു. കെട്ടിടമുടമസ്ഥൻമാർ ധാരാളം കത്തിടപാടുകൾ നടത്തി. അതുകൂടി ഈ നിയമപരിധിയിൽ ഭേദഗതിയുമായി ബന്ധപ്പെട്ട പ്രസക്തമായ കാര്യമാണെന്നുള്ള നിലയിൽ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. കെട്ടിടം ഉടമസ്ഥർക്ക് കൃത്യമായി വാടക കൊടുക്കുക. അവർക്ക് ഒരു കെട്ടിടമേ ഉള്ളൂവെങ്കിൽ അത് ഒഴിഞ്ഞുതരണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടാൽ ഒഴിഞ്ഞുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ വളരെ പ്രതീക്ഷയോടുകൂടിയാണ് ഇതു കൊണ്ടുവന്നത്. സഖാവ് ടി. വി. തോമസിന്റെ കാലത്ത്. പ്രഖ്യാപനം നടത്തി പതിനായിരം വ്യവസായയൂണിറ്റുകളും ഉണ്ടാക്കാൻവേണ്ടി കൊണ്ടുവന്നതാണ്. അത് ഏറ്റുവാങ്ങിച്ച പല ആളുകളും അവസാനം അത് നടത്താൻ പറ്റാതെ, മൂലധനവും അസംസ്കൃത സാധനങ്ങളും കിട്ടാതെ, ബാങ്ക് വായ്പ കിട്ടാതെ പലർക്കും കൈമാറി. ആ കൈമാറ്റം നിയമവിരുദ്ധമാണ്. അതിനകത്ത് ഒരു മാനുഷിക പ്രശ്നമുണ്ട്. പതിനായിരം വ്യവസ്സായങ്ങളും യഥാർത്ഥത്തിൽ പതിനായിരം കൊലക്കയറുകളായിരുന്നു. ഈ രാജ്യത്തെ ചെറുപ്പക്കാരെ ആവേശം കൊള്ളിച്ച്, അവരെ എല്ലാവരേയും വ്യവസായത്തിനുവേണ്ടി കൊണ്ടുവന്നതാണ്. അവരെ ഇന്റർവ്യൂ നടത്തി വളരെയധികം മോഹനസുന്ദരങ്ങളായ വാഗ്ദാനങ്ങളും നടത്തിയാണ് കൊണ്ടുവന്നത്. ഇതിന്റെപേരിൽ പലരും ആത്മഹത്യ ചെയ്തിട്ടുണ്ട്. അങ്ങനെയൊക്കെയാണ് ഈ നിയമം ആവശ്യമായി വന്നത്. ഈ നിയമത്തിന് സർക്കാരിനെ പ്രേരിപ്പിക്കുന്ന ഒരു പശ്ചാത്തലം ഉണ്ടാക്കിയത് ഈ പതിനായിരം വ്യവസായങ്ങളാണ്. ആ പതിനായിരം ഹതഭാഗ്യരായ ചെറുപ്പക്കാരിൽ പലരും നിവൃത്തിയില്ലാതെ വന്നപ്പോൾ ഇത് കൈയൊഴിയാൻവേണ്ടി നിയമവിരുദ്ധമായ നിലയിൽ പലർക്കും കൈമാറുകയാണ് ചെയ്തത്. അവരെ മാറ്റാനാണ് ഇതിനകത്ത് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വന്നത്. അതിന്റെ പേരിലാണ് 'സിഡ്കോ' ഇന്ന് ഈ ആവശ്യം ഉന്നയിച്ചത്. ഇവിടെ ശ്രീ. ടി. എസ്. ജോൺ പറഞ്ഞതുപോലെ സർക്കാരിന്റെ ഭൂമിയോ സർക്കാരിന്റെ കെട്ടിടങ്ങളോ അനധികൃതമായി കയ്യേറ്റം നടത്തി സ്വന്തമാക്കാനുള്ള സ്വാർത്ഥമോഹം വർദ്ധിച്ചുവരികയാണ്. സർക്കാരിന്റെ കെട്ടിടങ്ങളിൽനിന്ന് ഇറങ്ങിക്കൊടുക്കുകയുമില്ല ; നിയമവിരുദ്ധമായി മറ്റൊരാൾക്ക് കൈമാറുകയും ചെയ്യും. ഭൂമിയുടേയും സ്ഥിതി അതാണ്. ഭൂമി കയ്യേറുക, അത് അർഹരായിട്ടുള്ളവർക്കല്ലാതെ കൈമാറ്റം ചെയ്യുക ഇതാണ് നടക്കുന്നത്. ഈ പ്രവണത തടയേണ്ടതാണ്. അതിന് ഈ ഭേദഗതി ആവശ്യമാണെന്നുള്ളതിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ ഈ നിയമത്തെ തത്വത്തിൽ അംഗീകരിക്കുന്നു. പക്ഷെ ഇവിടെ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ഇൻസ്ട്രിയൽ എസ്റ്റേറ്റുകളിൽ അനധികൃതമായ കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിന് നിയമനിർമ്മാണം നടപ്പാക്കുന്ന സമയത്ത് സ്വാഭാവികമായും അത്തരത്തിൽ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ ഇടയായ പശ്ചാത്തലവും മാനുഷിക പരിഗണനയും ഗവൺമെന്റ് കണക്കാക്കണമെന്നാണ് എനിക്ക് ആമുഖമായി പറയുവാനുള്ളത്. ഇവിടത്തെ ഇൻസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഒരിക്കലും അനധികൃതമായി ഷെഡ്ഡുകളോ കെട്ടിടങ്ങളോ കൈവശം വയ്ക്കണമെന്ന് ആരും വിചാരിച്ചതല്ല. ഇവിടെ മറ്റു പലരും സൂചിപ്പിച്ചതുപോലെ വളരെ പ്രതീക്ഷയോടുകൂടിയാണ് നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർ വ്യവസായങ്ങൾ ആരംഭിക്കുവാൻ കടന്നുവന്നത്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ ഇൻസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായികം അനുവേക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് വിരൽ ചൂണ്ടുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ മറുപടി, വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും വളരെ ബുദ്ധിമുട്ടും കഷ്ടപ്പാടും അനുഭവിക്കുന്ന വ്യവസായികളെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു എന്നാണ്. അവ ഇപ്പോഴും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ഉന്നതമായ ലക്ഷ്യത്തോടുകൂടിയാണ് നമ്മുടെ രാജ്യത്ത് ഇന്ദിരയും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ആരംഭിച്ചത്. എന്നാൽ ഇന്ന് അവിടത്തെ സ്ഥിതിയെന്താണ്? മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും തകരാൻ കാരണം, ആ രംഗത്ത് കടന്നുവരുന്ന വ്യവസായികളും ചെറുപ്പക്കാർ മാത്രമല്ല; നമ്മുടെ ഗവൺമെന്റ് കാലാകാലങ്ങളിൽ കൈക്കൊണ്ടിരിക്കുന്ന വികലമായ വ്യവസായികനയം ഇന്ന് നമ്മുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ ശവപ്പറമ്പുകളാക്കി മാറ്റുകയാണ്. ഇന്ന് ഭാർഗവി നിലയങ്ങൾപോലെ നമ്മുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ കെട്ടിടങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിച്ചു, പലരും ആത്മഹത്യ ചെയ്യുന്നുവെന്ന്. എന്താണ് അതിനു കാരണം? ഇവിടെ വേണ്ടത്ര അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നില്ല. ഒരു ചെറുകിട വ്യവസായം ആരംഭിക്കുമ്പോൾ അത് ആരംഭിക്കുന്ന കാലഘട്ടത്തിലെ ചെറുകിട വ്യവസായികൾക്ക് കൊടുത്തിരുന്ന പ്രതീക്ഷ, അവർക്ക് വേണ്ടത്ര അസംസ്കൃത സാധനങ്ങൾ കിട്ടും, വേണ്ടത്ര വർക്കിംഗ് ക്യാപ്പിറ്റൽ കിട്ടും, വേണ്ടത്ര സമയങ്ങളിൽ വൈദ്യുതി കിട്ടും തുടങ്ങിയ ഒട്ടേറെ വ്യവസ്ഥകൾ ഗവൺമെന്റും വ്യവസായ വകുപ്പും മുന്നോട്ടുവച്ചു. വളരെയധികം ആളുകൾ അതിൽ ആകൃഷ്ടരായിട്ടുണ്ട്. ഗവൺമെന്റിന്റെ വ്യവസായ പ്രഖ്യാപനത്തിൽ പറയുന്ന പല കാര്യങ്ങളും നടപ്പാക്കാൻ പിന്നീട് നമുക്ക് കഴിഞ്ഞിട്ടില്ലെന്ന സത്യം നിയമം പാസ്സാക്കിയെടുക്കുമ്പോൾ വിസ്മരിച്ചിട്ട് കാര്യമില്ല. അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലും വർക്കിംഗ് ക്യാപ്പിറ്റൽ കൊടുക്കുന്ന കാര്യത്തിലുമൊക്കെ നമ്മുടെ വ്യവസായവകുപ്പു, നാഷണലൈസ്ഡ് ബാങ്കും പരാജയപ്പെട്ടതിന്റെ പേരിലാണ് ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ശവപ്പറമ്പുകളായി മാറിയിരിക്കുന്നത്.

ഇന്ന് ജപ്തി നടപടികളിലും കഷ്ടപ്പാടിലും നട്ടംതിരിയുന്ന സാധാരണക്കാർ യാതൊരു ഗത്യന്തരവുമില്ലാതെയാണ് മിനി എസ്റ്റേറ്റുകളിലെ കെട്ടിടങ്ങൾ കൈമാറുകയോ അനധികൃതമായി കൈവശം വയ്ക്കുകയോ ചെയ്യുന്നത്. പലപ്പോഴും ഒഴിഞ്ഞുകൊടുക്കണമെന്ന് ആഗ്രഹിക്കുന്ന ചെറുകിട വ്യവസായികൾക്കുപോലും സാമ്പത്തിക ബുദ്ധിമുട്ടും പരാധീനതയുംമൂലം വാടകയ്ക്കെടുത്ത കെട്ടിടം ഒഴിഞ്ഞുകൊടുക്കാൻകൂടി കഴിയാത്ത അവസ്ഥ ഇന്ന് നിലവിലുണ്ട്. ഈ സാമൂഹ്യ പശ്ചാത്തലവും മാനുഷിക പരിഗണനയും ഈ നിയമം പാസ്സാക്കുന്നതോടൊപ്പം എടുക്കണം. അതിലെ കെട്ടിടങ്ങൾ ഒഴിപ്പിക്കാതിരിക്കണം എന്നു പറയുന്നില്ല. പക്ഷെ ഈ നിയമം പാസ്സാക്കുമ്പോൾ ഉത്തരവാദിത്വമുള്ള ഗവൺമെന്റ് എന്ന നിലയിൽ അനധികൃതമായ കെട്ടിടങ്ങൾ ഒഴിപ്പിച്ചെടുക്കുകയും ചെയ്യുമ്പോൾ ശ്രീമതി ഭാർഗവി തങ്കപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ റീഹാബിലിറ്റേഷൻ പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് നമ്മുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ചെറുകിട വ്യവസായികളെ സംരക്ഷിക്കുന്നതിനും അവർക്ക് ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പൂർത്തീകരിച്ചുകൊണ്ട് അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമംകൂടി ഇതിൽ എഴുതിച്ചേർക്കുകയും വേണം. നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവണത, നമ്മളൊക്കെ പലപ്പോഴും ചെറുകിട വ്യവസായികളെയും വ്യവസായങ്ങളെയും ഒക്കെ പ്രോൽസാഹിപ്പിക്കണമെന്നു പറയുന്നവരാണ്. പക്ഷെ ഇതൊക്കെ ചെയ്യേണ്ടത് നമ്മുടെ രാജ്യത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാണുമ്പോൾ, ചെറുകിട വ്യവസായങ്ങൾ കാണുമ്പോൾ, വ്യവസായരംഗത്തേക്ക് കടന്നുവരാൻ അഭ്യസ്തവിദ്യരായ സാങ്കേതികവിജ്ഞാനമുള്ള ചെറുപ്പക്കാർ മടിച്ചുനിൽക്കയാണെന്ന് കാണാം.

LIBRARY ARCHIVES Kerala Legislative Assembly

കാരണം അവരുടെ മുന്നിൽ കാണുന്നത് മേർഗ്ഗവീ നിലയങ്ങളെപ്പോലെ അടച്ചുപൂട്ടിക്കിടക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളാണ്. അതു കാണുമ്പോൾ ഈ രംഗത്ത് കടന്നുചെന്ന് സ്വയം ആത്മഹത്യ വരിക്കാൻ നമ്മുടെ ചെറുപ്പക്കാർ മടിക്കുന്നു. അതുമൂലം ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധിക്കുന്നില്ല. വ്യാവസായികമായ മാറ്റം ഉണ്ടാക്കാൻ കഴിയുന്നില്ല. അങ്ങനെ നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യാവസായികമായ വിപ്ലവം ഉണ്ടാക്കുന്നതിനും പ്രോൽസാഹനം കൊടുക്കേണ്ട നമ്മുടെ വ്യവസായവകുപ്പ് ഈ രംഗത്ത് പരാജയപ്പെട്ടിരിക്കുന്നു. അത് പറഞ്ഞാൽ തെറ്റാകുമോ എന്ന അഭിപ്രായം എനിക്കില്ല. അതുകൊണ്ട് ഈ നിയമം പാസ്സാക്കുമ്പോൾ അനധികൃതമായി കെട്ടിടങ്ങൾ വച്ചുകൊണ്ടിരിക്കുന്ന ആളുകളെ പ്രോൽസാഹിപ്പിക്കണം എന്നല്ല സൂചിപ്പിക്കുന്നത്. അവരെ ഒഴിവാക്കുമ്പോൾ, അനധികൃതമായി കെട്ടിടം കൈവശപ്പെടുത്താൻ ഇടയാക്കിയ സാഹചര്യം സൃഷ്ടിച്ചത് നമ്മുടെ വികലമായ കാഴ്ചപ്പാടില്ലാത്ത നടപടികളാണ്. അതിനെറെകൂടി പ്രാഥമികമായ ഉത്തരവാദിത്വം ഗവൺമെൻറ് ഏറെറടുത്തുകൊണ്ട് അവരെ സഹായിക്കാനുള്ള നടപടികളും നടപ്പാക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇത്തരം ഒരു നിയമത്തിന്റെ അനിവാര്യത വളരെ വ്യക്തമാണ്. പക്ഷേ ഇവിടെ പലരും ചൂണ്ടിക്കാണിച്ച കാര്യം തന്നെയാണ് എനിക്കും ആവർത്തിച്ചു പറയാനുള്ളത്. ഇത്തരം ഒരു നിയമം കൊണ്ടുവരുന്നതിന് ഇടയാക്കിയിട്ടുള്ള ആ പശ്ചാത്തലം കണ്ടില്ലെന്നു നടിക്കരുത്. ഇപ്പോൾ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്ന് അനധികൃതമായി അത് കൈവശപ്പെടുത്തി വച്ചിരിക്കുന്ന ആളുകളെ ഒഴിപ്പിക്കാനുള്ള ഒരു സാഹചര്യത്തിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നത് ശ്രീ. ബെന്നിയൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം കുറ്റകരമായ വിധത്തിൽ പെരുമാറിയതിന്റെ ഫലമായിട്ടാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വളരെ പ്രതീക്ഷയോടുകൂടി അത്തരം ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ള യുവാക്കളെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു നിയമം മുഖേന അവരെ ഒഴിപ്പിക്കേണ്ട സാഹചര്യം വന്നിട്ടുണ്ടെങ്കിൽ അതിന് ഇടയാക്കിയ കാരണങ്ങൾ വിലയിരുത്തേണ്ടതാണ്. അത് വിലയിരുത്തുന്നത് ഭാവിയിലുള്ള നമ്മുടെ ആസൂത്രണത്തിനെങ്കിലും സഹായിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് ചൂണ്ടിക്കാണിക്കുന്നത്. ശ്രീ. ബെന്നി ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ ഇത്തരം വ്യവസായങ്ങൾ ആരംഭിച്ചിട്ട് അത് നല്ല നിലയിൽ കൊണ്ടുപോകുന്നതിന് അനുകൂലമായ ഒരു സാഹചര്യമില്ലായിരുന്നു. അതിനെക്കുറിച്ച് വിവിധ ഘട്ടങ്ങളിൽ ഈ സഭയിൽ പലരും ഉന്നയിച്ചിട്ടുള്ളതാണ്. വ്യവസായം തുടങ്ങുന്നതിനുവേണ്ടി നിരവധി കാര്യങ്ങൾ പറഞ്ഞുകൊണ്ട് ചെറുപ്പക്കാരെ ആകർഷിക്കും. എന്നാൽ അത് തുടങ്ങിക്കഴിഞ്ഞാൽ ഒന്നുകിൽ സമയത്ത് അവർക്ക് വൈദ്യുതി കൊടുക്കുകയില്ല അല്ലെങ്കിൽ ഈ പ്രൊജക്ട് ഒരുപക്ഷേ സാമ്പത്തികമായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ പറ്റുന്നതല്ലെന്നു പറയും. അങ്ങനെ വിവിധ കാരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ നമ്മൾ ശാപം ഏറ്റുവാങ്ങുകയാണ്. അങ്ങനെ അവർ യഥാർത്ഥത്തിൽ ഇതിന്റെ വാടക പോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലേക്ക് വരുന്നു ; ഒഴിഞ്ഞുകൊടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലേക്ക് വരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമം മുഖേന അവരെ ഒഴിപ്പിക്കേണ്ട ഒരു സാഹചര്യം വരുന്നത്. ഇത്തരം നയവൈകല്യങ്ങൾ എല്ലായിടത്തും നമുക്ക് കാണാൻ സാധിക്കും. ഇപ്പോഴും ഇതുപോലുള്ള കാര്യങ്ങളാണ് തുടരുന്നത്. ഇത്തരം ചെറുകിട വ്യവസായസ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടി രംഗത്തുവരുന്ന ആളുകളെ നമ്മൾ കൊല്ലാതെ കൊല്ലുകയാണ്. ലോണൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത് ഉണ്ടാക്കുന്ന എത്രയോ സ്ഥാപനങ്ങളുടെ കാര്യം പറഞ്ഞു. ഈ ചെറുകിട വ്യവസായങ്ങളൊക്കെ ആരംഭിക്കുന്ന ആളുകൾ സർക്കാരിന്റെ വക കെട്ടിടത്തിലല്ലെങ്കിൽപ്പോലും അവർ സത്യത്തിൽ ശപിക്കുകയാണ്. കാരണം എന്തെന്നുവച്ചാൽ വളരെ പ്രതീക്ഷയോടുകൂടി വന്ന് പത്തിരുപത്തയ്യായിരം ഉറുപ്പികയൊക്കെ ലോൺ വാങ്ങിച്ചു ഇതിൽ ഇടപെടുന്നു പിന്നെ അതിന് വൈദ്യുതി കണക്ഷൻ കിട്ടുന്നതിനു വണ്ടി അതിൽ എത്രയോയേറെ ചെലവഴിക്കേണ്ട് സാഹചര്യമാണ് വരുന്നത്. തൊഴിലില്ലാത്തവരെ ഇത്തരം കാര്യങ്ങൾ പറഞ്ഞ് നമ്മൾ ആകർഷിക്കുകയും, അപ്പുറെ കൂടുതൽ കുഴപ്പത്തിലാക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാക്കുന്നു. ആ സാഹചര്യം തീർച്ചയായും വളരെ ഗൗരവമുള്ളതാണ്. അത്തരം ഒരു നയവൈകല്യം വന്നതിന്റെ ഫലമായിട്ടാണ് സിഡ്കോയുടെയൊക്കെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽനിന്ന് അനധികൃതമായിട്ട് കൈവശപ്പെടുത്തിയ ആളുകൾ എന്നുള്ള നിലയിൽ അവരെ ഒഴിപ്പിക്കേണ്ട ഒരു സാഹചര്യം വന്നിട്ടുള്ളത്. അത് ഏതായിരുന്നാൽതന്നെയും ഇത്തരം ഒരു നിയമത്തിന്റെ അനിവാര്യത കുറച്ചുകാണുന്നില്ല. തീർച്ചയായിട്ടും ഗവൺമെന്റിന്റെ കെട്ടിടങ്ങൾ ഇങ്ങനെ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ നിയമം ആവശ്യമാണ് അതിന് യാതൊരു സംശയവുമില്ല. പക്ഷെ അതിന് ഇടയാക്കിയിട്ടുള്ള സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത്. ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിന് സഹായകമായിരിക്കും എന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേശവൻ : സർ, ഈ ബില്ല് കൊണ്ടുവരാനുള്ള കാരണങ്ങളെക്കുറിച്ച് ഇവിടെ തന്നിട്ടുള്ള രേഖകളിൽ വളരെ വിശദമായി കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ. ഹസ്സൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം ഓർമ്മപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഈ കാര്യത്തെക്കുറിച്ച് സംസാരിക്കുന്നത്. സർക്കാരിന്റെ വക കെട്ടിടങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആളുകളെ ഒഴിപ്പിക്കാൻ വേണ്ടിയുള്ളതാണ് ഇത്തരം ഒരു നിയമം. അനധികൃതം എന്നുപറയുമ്പോൾ സർക്കാരിന്റെ അംഗീകാരം കൂടാതെ വരുന്നതാകാം, സർക്കാരിന്റെ അംഗീകാരത്തോടുകൂടി വന്നിട്ട് വാടക കൊടുക്കാതെയും, സർക്കാരിന്റെ വ്യവസ്ഥകൾ പാലിക്കാതെയൊക്കെയുമാകാം. അതിനുള്ള കാരണങ്ങളെക്കുറിച്ച് ഒന്നും ഞാൻ വിശദീകരിക്കുന്നില്ല. ഇവിടെ പറഞ്ഞ നമ്മുടെ മിനി വ്യവസായ എസ്റ്റേറ്റുകൾ, അതുപോലെ സർക്കാരിൽനിന്ന് ധനം വാങ്ങി വ്യവസായം തുടങ്ങാൻ ശ്രമിച്ച ആളുകൾ, അവരിൽ പല ആളുകൾക്കും ഇത് ഒഴിഞ്ഞുകൊടുക്കാൻ വയ്യാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. അതുകൊണ്ട് പല സ്ഥാപനങ്ങളും പൂട്ടിക്കിടക്കുകയാണ്. സർക്കാർ അത് ഒഴിപ്പിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. അതുപോലെ തന്നെ സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നു. ഞാൻ എന്റെ ഒരനുഭവം പറയാം. സർക്കാരിന്റെ ഒരു സ്ഥാപനത്തിനുവേണ്ടി ഞാൻ ഒരു കെട്ടിടം വാടകയ്ക്ക് എടുത്തുകൊടുത്തയാളാണ്. കഴിഞ്ഞ രണ്ടുവർഷമായി അവിടെനിന്ന് ഒഴിഞ്ഞുപോയിട്ടും ആ വാടക ഇതുവരെ കൊടുത്തുകഴിഞ്ഞിട്ടില്ല. സർക്കാരിന്റെ കെട്ടിടങ്ങൾ ഒഴിപ്പിച്ചെടുക്കാൻ താൽപര്യം കാണിക്കുന്നതോടൊപ്പം തന്നെ സർക്കാരിന്റെ ആവശ്യത്തിനുവേണ്ടി സർക്കാർ വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾ ആയാലും ശരി, ആരെങ്കിലും വാങ്ങിച്ചുകൊടുക്കുന്നതായാലും ശരി, അതിന്റെ വാടക യഥാസമയം നിശ്ചയിച്ച് കൊടുക്കാനും ഒഴിപ്പിക്കാനും വേണ്ടിയുള്ള നടപടികൾ കൂടി ഇതിന്റെ കൂടെ ഉണ്ടാകണം. എത്രയുംവേഗം സർക്കാരിന്റെ വക കെട്ടിടങ്ങൾ അനധികൃതമായി കൈവശം

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്ന ആളുകളിൽ നിന്ന് അത് ഒഴിപ്പിച്ചെടുക്കാൻ രണ്ടുതരം രീതിയിൽ നടപടികളും സ്വീകരിക്കാൻ പാടില്ല. വേണമെങ്കിൽ അത്തരം കാര്യങ്ങളും വിശദീകരിക്കാൻ എനിക്ക് കഴിയും. ഞാൻ അത് പറയുന്നില്ല. നമ്മുടെ മുനിസിപ്പാലിറ്റികളായാലും കോർപ്പറേഷനുകളായാലും സർക്കാർ സ്ഥാപനങ്ങളും കൈവശമിരിക്കുന്ന കെട്ടിടങ്ങളും ചിലരുടെ കൈവശത്തു നിന്ന് വേഗം ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുന്നു. ചില ആളുകൾക്ക് ഒരുപാടു സമയംകൊടുക്കുന്നു. ഇങ്ങനെ രണ്ടുതരം വിധേയത്വം കാണിക്കാത്ത നടപടികളും സ്വീകരിക്കണം. മാത്രമല്ല. സർക്കാരിന്റെ കെട്ടിടങ്ങളും കൈവശപ്പെടുത്തിവച്ചിരിക്കുന്ന ആളുകളിൽനിന്ന് ഒഴിപ്പിച്ചെടുക്കുന്ന നടപടി നല്ലതാണ്. അതുകൊണ്ട് അത്തരം നടപടികളും സ്വീകരിക്കുന്നതിനോട് എനിക്ക് യോജിപ്പാണുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്, കോർപ്പറേഷനോ അല്ലെങ്കിൽ ഗവൺമെൻറ് 50 ശതമാനത്തിൽ കൂടുതൽ പണം മുടക്കിയിട്ടുള്ള കമ്പനികളുടെയോ കെട്ടിടം, അതിൽ താമസിക്കുന്ന അല്ലെങ്കിൽ അതിൽ വ്യവസായങ്ങളും നടത്തുന്ന വിഭാഗക്കാരെ ഗവൺമെൻറിന്റെ അതേ കമ്പനിയിൽ തന്നെയുള്ള എസ്റ്റേറ്റ് ഓഫീസർമാരെക്കൊണ്ട് വേഗം ഒഴിപ്പിച്ചെടുക്കുന്നതിനുവേണ്ടിയാണ്. ഇതിന്റെ മൂല നിയമത്തിലേക്ക് കടന്നു നമ്മൾ സംസാരിച്ചാൽ ഒരു പരിഹാരമായി ഇവിടെ പറഞ്ഞിരിക്കുന്നത് സിഡ്കോയുടെ കാര്യം അവർ ആവശ്യപ്പെട്ടുവെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ സിഡ്കോയിൽ ഉള്ളത് വാടകയ്ക്ക് കൊടുക്കുകയോ മറ്റുവിധത്തിൽ വാടകയില്ലാതെ കൊടുക്കുകയോ ഒക്കെ ചെയ്തിരിക്കുന്ന കെട്ടിടത്തിന് വാടക കുടിശിക മുഴോനയോ അല്ലെങ്കിൽ കാലാവധി കഴിഞ്ഞതിനുശേഷം പിന്നേയും തുടരുകയോ ചെയ്യുന്ന ആളുകളെ ഒഴിപ്പിക്കണമെന്നുള്ള ആവശ്യം വച്ചുകൊണ്ടാണ്. നമ്മൾ ഇതിന്റെ മൂലനിയമത്തിലേക്ക് കടന്നാൽ ഈ പബ്ലിക് ബിൽഡിംഗ്സ് ഇന്നു വളരെ വിപുലമായാണ് കാണുന്നത്. വിപുലമായിട്ടുള്ള വിധത്തിലുള്ളതിന് അർത്ഥമുണ്ട്. കാരണം ഗവൺമെൻറ് താമസിക്കുന്നതിനുവേണ്ടി സാധാരണക്കാരനു ഫ്ളാറ്റ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി കെട്ടിടം വച്ചുകൊടുക്കുന്നതിനുള്ള നടപടി എടുക്കുന്ന സംസ്ഥാനമാണിത്. അങ്ങനെ ഫ്ളാറ്റ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ആദ്യം കെട്ടിടം ഉണ്ടാക്കി ആളുകളെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുടങ്ങിയ ഒരു പ്രദേശങ്ങളിൽ ഒന്ന് തോട്ടപ്പള്ളി സ്പിൽവേയുടെ അടുത്താണ്. കുടിയിറക്കപ്പെട്ട ആളുകൾക്കും പുതുതായി വന്ന ആളുകൾക്കും അവിടെ കുറേ കെട്ടിടങ്ങൾ പണിചെയ്ത് അവരെ അവിടെ താമസിപ്പിച്ചു. കെട്ടിടം പണിചെയ്തു കുറേ ആളുകളെ താമസിപ്പിച്ച് മാസത്തിൽ ഇത്ര രൂപ വാടക കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. കാലാകാലങ്ങളിൽ ഇങ്ങനെ താമസിക്കുന്ന ആളുകളെ സംബന്ധിച്ച് വാടക കൊടുക്കാൻ കഴിവില്ലാതെ വന്നാൽ, അവർക്ക് നിത്യേന ജീവിക്കുന്നതിന് പണിയില്ലാതെ വന്നാൽ, അവരുടെ ആഹാരസമ്പാദനത്തിനും, വസ്ത്രങ്ങൾക്കും കുട്ടികളുടെ രോഗ ചികിൽസക്കും തന്നെ സാധിക്കാതെവരുന്നു. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ആളുകളും ഇതുപോലുള്ള ആളുകളാണ്. അങ്ങനെ വന്നാൽ ആ വിഭാഗക്കാരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടാകണം. അതായത് തോട്ടപ്പള്ളി സ്പിൽവേയുടെ അടുത്തുള്ള പ്രദേശത്തെപ്പറ്റി പറയുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ]

ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് വച്ച കെട്ടിടവുമാണ്. കെട്ടിടത്തിനു വാടക കൊടുക്കാതെ ഒഴിപ്പിക്കൽ ഭീഷണിവന്നുവന്ന് ഒടുവിൽ കാലാ ങ്ങളിൽ മാറി വന്ന ഗവൺമെൻറ് അവരുടെ ദയനീയത

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് അവരെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഉണ്ടാക്കി. ഇതെല്ലാം ഒഴിപ്പിച്ചു കൊടുത്തു. നമ്മുടെ കേരളത്തിൽ ഇങ്ങനെയുള്ള തായിട്ടുള്ള സ്ഥിതി നമ്മൾ വിചാരിച്ചാൽ ഇല്ലാത്തതല്ല. നമ്മുടെ നാട്ടിൽ ഇതുപോലെ നടന്നിട്ടുണ്ട്; നടക്കുന്നുമുണ്ട്. ഇപ്പോൾ പ്രധാനമായി ഇതു കൊണ്ടുവരുന്നതിന് സിഡ്കോയെ പ്രേരിപ്പിച്ചിട്ടുള്ള വസ്തുതയെക്കുറിച്ച് സിഡ്കോ ഇങ്ങനെ ആവശ്യപ്പെട്ടുവെന്നു മാത്രമേ ഞങ്ങളോട് പറയുന്നുള്ളൂ. ഏത് ഇൻസ്റ്റൻസ് ആണെന്ന് ഞങ്ങളോട് പറയണ്ടേ? നിയമസഭയിലൊന്നു പറയാമല്ലോ; പറഞ്ഞിട്ടുണ്ടോ? സിഡ്കോ ആവശ്യപ്പെട്ടു എന്നേ ഞങ്ങളുടെ കൈയ്യിൽ തന്നതിൽ ഉള്ളൂ. എം. എം. ഹസ്സനു തന്നതിൽ ഉണ്ടായിരിക്കും. എനിയ്ക്കു തന്നതിൽ ഇല്ല. മന്ത്രിമാർ സാധാരണ നിങ്ങൾക്ക് പ്രത്യേകമായി ചില കടലാസുകൾ തരും. അങ്ങനെ തരുന്നില്ലെങ്കിൽപിന്നെ ചെറുപ്പക്കാർ വേണ്ടാത്ത കാര്യം സംസാരിക്കാൻ പോകരുത്. സിഡ്കോയെ പ്രേരിപ്പിച്ച വസ്തുത എന്താണെന്ന് അറിഞ്ഞെങ്കിലല്ലേ ഞങ്ങൾക്ക്. ഇതിനെപ്പറ്റിയുള്ള വിവരം എന്താണെന്ന് പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഗവൺമെൻറിന് കെട്ടിടം ഒഴിപ്പിക്കണം. ഗവൺമെൻറ് കെട്ടിടം ഒഴിപ്പിക്കുന്നതിനോട് ഞങ്ങൾക്കാർക്കും വിരോധമില്ല. പക്ഷേ ഗവൺമെൻറ് കെട്ടിടത്തിൽ ഇവർ എങ്ങനെ വന്നു? ഞങ്ങൾക്ക് അത് അറിയണ്ടേ, നിങ്ങളെ പ്രേരിപ്പിക്കാൻ എന്താണു വസ്തുത? ശ്രീമതി ഭാർഗവി തങ്കപ്പൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, വനിതാവർഷത്തിൽ വനിതകൾക്കാവശ്യമായിട്ടുള്ള വ്യവസായമുണ്ടാക്കുന്നതിനുവേണ്ടി ഗവൺമെൻറ് നിർല്ലോഭമായ സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. പലയിടത്തും സൊസൈറ്റികൾ ഉണ്ട്. അന്ന് ഈ ഇൻഡസ്ട്രീസ് ഓഫീസർമാർ പാവപ്പെട്ട എന്നേയും കണ്ടു. ഒരു സൊസൈറ്റി ഞാനും ഉണ്ടാക്കി. ആ സൊസൈറ്റിക്ക് അനേകം വാഗ്ദാനങ്ങൾ ഉണ്ടായിരുന്നു. അവർക്കു ഇന്ന ലോൺ, അതുപോലെതന്നെ കെട്ടിട ഗ്രാൻറ്, ഓഫീസിൽ കൊടുക്കേണ്ടത് അവിടെ വരുന്നതായിട്ടുള്ള പാവപ്പെട്ടവർക്ക് നൽകുന്ന പണം തുടങ്ങിയവയാണ്. ഇത് കിട്ടിയില്ല. കെട്ടിടം പണിയാൻ സാധിച്ചില്ല. ഞങ്ങൾ ബുദ്ധിമുട്ടി സ്ഥലം വാങ്ങിച്ചിട്ടു. ഗവൺമെൻറിന്റെ സഹായമൊന്നും കിട്ടിയില്ല. ഇതേവരെ അതിനു കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പലയിടത്തും സാധാരണ നിലയിൽ ഒരു സൊസൈറ്റി ഉണ്ടാക്കിക്കഴിഞ്ഞാൽ അത് മാനുഫാക്ചറിംഗ് സാധനങ്ങൾ ഉണ്ടാക്കുന്ന ഒരു സൊസൈറ്റി ആയി മാറിക്കൊള്ളും. ഗവൺമെൻറിന്റെ കെട്ടിടത്തിൽ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്നതിന് ഗവൺമെൻറ് ഒരു തീരുമാനമെടുത്ത ഒരു കടലാസ് വന്നാൽ ഒഴിപ്പിക്കലിന് വിധേയമായിവരുന്ന ആളുകൾ ആ കെട്ടിടത്തിൽ എങ്ങനെ വന്നു എന്നും അവരുടെ സാഹചര്യം എങ്ങനെയെന്നും അവരുടെ സ്ഥിതിയെന്തെന്നും അറിയണം. ചിലപ്പോൾ മാറപ്പെടുന്ന ആളുകളുടെ കാര്യം ഞാൻ പറയാം. അവിടെ ഒരു വ്യവസായം സ്ഥാപിച്ച് ബിസിനസ് ഉണ്ടാക്കി ആ ബിസിനസ് നടത്തുന്നതിന് ആവശ്യമായിട്ടുള്ള സഹായം ഗവൺമെൻറ് കൊടുക്കുമെന്നു പറഞ്ഞ് കൊടുക്കാതെ വന്ന് ഒടുവിൽ മെഷിനറി കൊണ്ടുവന്ന് നടത്താൻ പറ്റാതെ വന്നതിന്റെ ഫലമായി ആ മെഷീനറി വില്ക്കേണ്ട സാഹചര്യം വരുമ്പോൾ വേറൊരുത്തനെ അവിടെ കയറ്റി താമസിപ്പിച്ചാൽ അയാളെ ഒഴിപ്പിക്കുകയാണെങ്കിൽ ക്രൂരമാണ്. കാരണം ഗവൺമെൻറ് ഏറെടുത്തു കഴിഞ്ഞാൽ ഞാൻ മുടക്കിയ പണം എനിക്ക് കിട്ടുകയില്ല. ഗവൺമെൻറ്‌ലേലം ചെയ്താൽ എന്നെ ക്രൂശിക്കപ്പെട്ടതിനുപുറമേ ഞാൻ നടത്തുന്ന വ്യവസായത്തിൽ ഞാൻ മുടക്കിയ പണം പോകുന്നതിനും പുറമേ എന്നെ വിശ്വസിച്ചു കൊണ്ട് വേറെ ഒരാളിനു കൈമാറ്റം ചെയ്യപ്പെട്ടാൽ ആ കൈമാറ്റം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യപ്പെടുന്ന ആളിനേയും മാറ്റുമെന്നാണ്. ആ വിധത്തിൽ ഗവൺമെൻറ് ഇതുപോലുള്ള ഒരു നിയമം കൊണ്ടുവരുമ്പോഴ് അതിന്റെ ഫാക്ട് എന്താണ്, സ്ഥിതി എന്താണ്, ഏത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്നുള്ളത് വിശദമായി പറഞ്ഞെങ്കിൽ മാത്രമേ ഇതിന്റെ തെറ്റും ശരിയും നോക്കാൻ സാധിക്കുകയുള്ളൂ. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം എങ്ങനെ അവർ ഇവിടെ തുമസിക്കാനിടയായി, എന്താണ് വ്യവസ്ഥ ആ വ്യവസ്ഥയിൽ ഗവൺമെൻറ് ഭാഗത്തുനിന്ന് ചെയ്യാനുള്ളത് മുഴുവൻ ചെയ്തിട്ടാണോ ഇവരിന്നും ഇങ്ങനെ വന്നിരിക്കുന്നതെന്നുള്ളതെല്ലാം നോക്കത്തക്ക സാഹചര്യമുണ്ടാക്കിക്കഴിഞ്ഞിട്ട ഒഴിപ്പിക്കാൻ പാടുള്ളൂ എന്നാണ് എനിയ്ക്കുള്ള അഭിപ്രായം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ അധികവും പറഞ്ഞത് വ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കാനും വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താനുമുള്ള കാര്യങ്ങളാണ്. പക്ഷെ ഈ ബില്ലും അതുമായി യാതൊരു ബന്ധവുമില്ലെന്നുള്ള കാര്യം ഞാൻ ആദ്യമേ അറിയിക്കുകയാണ്. കെട്ടിടം എന്നുള്ള നിർവ്വചനത്തിൽ കമ്പനികളേയും കോർപ്പറേഷനുകളേയും ഉൾപ്പെടുത്തുകയെന്നുള്ളതിൽക്കവിഞ്ഞ് ഇതും വ്യവസായ സംരംഭവുമായി യാതൊരു ബന്ധവുമില്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും തുടങ്ങിയ കാര്യങ്ങൾ ഇവിടെ പലരും പറയുകയുണ്ടായി. ശ്രീമാൻ ടി. വി. തോമസ്സിന്റെ കാലത്ത് വളരെ വിപുലമായ തോതിൽ പഞ്ചായത്തുകളും തോറും ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളും തുടങ്ങുകയുണ്ടായി. കുറേക്കാലം കഴിഞ്ഞ് അവർ അത് സംബന്ധിച്ച് ചെറുകിട വ്യവസായ കോർപ്പറേഷൻ വിപുലമായ പഠനം നടത്തുകയുണ്ടായി. ആ പഠനത്തിൽ നിന്ന് മനസ്സിലായത് അവർക്ക് അനുവദിച്ച ഷെഡ്ഡുകളും അനുവദിച്ചുകിട്ടിയ ആളുകളല്ല ഉപയോഗിക്കുന്നതെന്നും അനുവദിച്ച ആവശ്യങ്ങൾക്കുമല്ല ഉപയോഗിക്കുന്നതെന്നും മറ്റ് ആളുകളാണ് ഉപയോഗിക്കുന്നതെന്നുമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെയുള്ളവരെ ഒഴിപ്പിക്കാനും ഇപ്പോഴും കൈവശമുള്ള ആളുകളിൽനിന്ന് വാടക വാങ്ങാനുമുള്ള നിയമം കൊണ്ടു വരേണ്ടിവന്നത്. അത് ഈ നിർവ്വചനത്തിൽ കൊണ്ടുവരാനും അവിടത്തെ ഒരു ഉദ്യോഗസ്ഥനായി എസ്റ്റേറ്റ് ഓഫീസറെ വയ്ക്കാനും അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള അപേക്ഷപ്രകാരമാണ് ഈ ബിൽ ഒറിജിനേറ്റ് ചെയ്തത്. ഇത് ഈ ഗവൺമെൻറ് വന്നതിനുശേഷമല്ല, 1979-ലെ ഈ ബില്ലിന്റെ സംരംഭം തുടങ്ങിയിട്ടുണ്ട്. 1980-ൽ ബിൽ ക്യാബിനറ്റ് പാസ്സാക്കിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അങ്ങ് പറഞ്ഞു, ഇത് വ്യവസായ സംരംഭവുമായിട്ട് യാതൊരു ബന്ധവുമില്ലെന്ന്. ഈ സ്റ്റേറ്റുമെൻറ് ഓഫ് ഫാക്ട്സ് അങ്ങനെയല്ല. ഓബ്ജക്ട്സ് ആൻറ് റീസൺസിൽ എഴുതിയിരിക്കുന്നത് The Kerala Public Buildings (Eviction of unauthorised occupants) Act, 1968, provides for the eviction of unauthorised occupants from public buildings. The expression "Public' Buildings' as defined in clause (d) section 2 of the Act, takes in only buildings belonging to, or taken on lease or requisitioned by or on behalf of, the Government or a local authority. The Kerala State Small Industries (Development and Employment) Corporation Limited, has represented to the Government that buildings owned by that Corporation might also be brought within the scope of the definition of expression "public buildings" എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് സിഡ്ക്കോ താമസിക്കാൻ കെട്ടിടങ്ങൾ കൊടുത്തതായിട്ട് ഞങ്ങൾക്ക് അറിയില്ല. സിഡ്ക്കോ വ്യവസായങ്ങൾ നടത്താനാണ് കെട്ടിടങ്ങൾ കൊടുക്കുന്നത്. സിഡ്ക്കോയെ ഈ കമ്പനിയുടെ ഡഫനിഷനിലും കമ്പനിയുടെ ഭാഗമാക്കണമെന്ന് പറഞ്ഞുകൊണ്ടുള്ളതാ. പണത്തിന്റെ അടിസ്ഥാനത്തിൽ അവർ ആവശ്യപ്പെട്ടതനുസരിച്ചാണ് കൊണ്ടുവന്നിരിക്കുന്നത്. സ്പെസിഫിക്കായിട്ട് അതാണ് നിയമം. അത് അങ്ങനെയാണ്. ഞാൻ മുമ്പ് പറഞ്ഞ സാഹചര്യത്തിൽ കൈമാറും.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, ഞാനും പറഞ്ഞത് അതാണ്. സിഡ്ക്കോ ആവശ്യപ്പെട്ടത് അതാണ്. അതാണ് ബിൽഡിംഗ്സിന്റെ ഡഫനിഷനിൽ അവരെയും ഉൾപ്പെടുത്തുന്നത്. എന്തിനാണ് ഒഴിപ്പിക്കുന്നത് ? അവർക്ക് ആവശ്യമില്ലാത്ത ആളുകളെ ഒഴിപ്പിക്കാൻ വേണ്ടിയാണ്. പുതിയ വ്യവസായങ്ങൾ കൊണ്ടുവരാൻവേണ്ടി അവരെ ഒഴിപ്പിക്കാതെ സാധിക്കുകയില്ല. അപ്പോൾ അവരെ ഒഴിപ്പിക്കാൻവേണ്ടി ഈ ബില്ലിന്റെ പർവ്യൂവിൽ അവരെക്കൂടി ഉൾപ്പെടുത്തണമെന്ന് ചെറുകിട വ്യവസായ കോർപ്പറേഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ തുടക്കം. അതിനോടനുബന്ധിച്ച് ഇത് കൊണ്ടുവന്നപ്പോൾ ഗവൺമെന്റ് മറ്റ് കമ്പനികളേയും അതുപോലുള്ള കോർപ്പറേഷനുകളേയുംകൂടി ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ആ നിലയിൽ അനധികൃത കെട്ടിടം ഒഴിപ്പിക്കാനുള്ള നിയമത്തിൽ ഈ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി എന്നുള്ളതിൽ കവിഞ്ഞ് വ്യവസായങ്ങളുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളെ സംബന്ധിച്ച് ശ്രീ. ബെന്നി ബഹനാൻ വളരെ വിശദമായി 30-ാം തീയതി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിന് വളരെ വിശദമായ മറുപടി വ്യവസായ വകുപ്പുമന്ത്രിയും നൽകുകയുമുണ്ടായി. സിഡ്ക്കോ ആവശ്യപ്പെട്ടിരിക്കുന്നത് വ്യവസായ സംരംഭങ്ങൾക്കുവേണ്ടി സഹായിക്കണമെന്നല്ല. ചെറുകിട വ്യവസായ കോർപ്പറേഷൻ ആവശ്യപ്പെട്ടത് ബിൽഡിംഗ് ഒഴിപ്പിക്കുന്നതിനുള്ള അധികാരം അവർക്ക് നൽകണമെന്നാണ്. നേരെമറിച്ച് വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകണമെന്ന് പറഞ്ഞിരുന്നെങ്കിൽ ഈ ബിൽ ഞാൻ അവതരിപ്പിക്കുമായിരുന്നില്ല ; ആ ബിൽ അവതരിപ്പിക്കേണ്ടിയിരുന്നത് വ്യവസായ വകുപ്പുമന്ത്രിയായിരുന്നു. വ്യവസായ സംരംഭകരെ സഹായിക്കുകയെന്നുള്ള ഉദ്ദേശം ഈ ബില്ലിൽ ഇല്ല. ഈ ബില്ലിൽ സിഡ്ക്കോയെ സഹായിക്കാൻവേണ്ടി അവരുടെ കെട്ടിടങ്ങൾ അനധികൃതമായിട്ടുണ്ടെങ്കിൽ വാടക ലഭിക്കാത്തതുണ്ടെങ്കിൽ അത് ഒഴിപ്പിക്കാനും വാടക വസൂലാക്കാനുമുള്ള അധികാരം നൽകുന്നു എന്നുള്ളതിൽക്കവിഞ്ഞ് യാതൊന്നുമില്ല. ഈ ബിൽ നിരാകരിക്കണമെന്ന് പ്രതിപക്ഷം തീർച്ചയായും പറയുകയില്ലെന്ന വിശ്വാസം എനിക്കുണ്ട്. 1979-ൽ പി. കെ. വി. യുടെ കാലത്താണ് ഈ ബിൽ ഒറിജിനേറ്റ് ചെയ്തത്. 1984-ൽ ശ്രീ. ഇ. കെ. നായനാരുടെ കാലത്ത് കാബിനറ്റ് ഈ ബിൽ പാസ്സാക്കി. അങ്ങനെയുള്ള ഒരു ബിൽ ഇപ്പോൾ അധികാരം മാറിയതുകൊണ്ട് നിരാകരിക്കണമെന്ന് പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്തായാലും സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ള ഒരു നിയമമെന്നുള്ള നിലയിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ശ്രീ. ഹസ്സൻ പറഞ്ഞു, ഗവൺമെന്റ് വാടക കൊടുക്കാത്തതിനെതിരെ നടപടി വേണമെന്ന്. ഇപ്പോഴത്തന്നെ അതിന് നടപടിയുണ്ട്. ഇപ്പോൾ പല കേസ്സുകളും ഗവൺമെന്റിനെതിരായി വരാറുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഗവൺമെന്റ് കൊല്ലത്തെ വാടക കൊടുക്കാനുണ്ടെന്ന്. അങ്ങനെ ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നുള്ള വിവരം ഞാൻ അറിയിക്കുകയാണ്. ഞാൻ ഹസ്സനോട് നേരത്തെ പറഞ്ഞ മാതിരി കെട്ടിടവാടകയെല്ലാം P. W. D. ആണ് മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരുന്നത്. ആ പതിവ് മാറ്റി ഇപ്പോൾ ഓരോ വകുപ്പും അവരുടെ വാടക കൊടുക്കണമെന്ന് തീരുമാനിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിലായിരിക്കാം നാലഞ്ച് കൊല്ലത്തെ വാടക കുടിശ്ശിക ഉണ്ടായിരുന്നിട്ടും എനിക്ക് ആ വിവരം കിട്ടാത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി ഗൗരിക്കുട്ടി തങ്കപ്പൻ അവതരിപ്പിച്ച 1986-ലെ കേരള പൊതു കെട്ടിട (അനധികൃതകൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച 5-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 നവംബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1-31-ന് പിരിഞ്ഞു.)

അനുബന്ധം 1

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (1128) കാണുക]

List of Recognised Service Association

Assigned Sl. No.	Name of Associations
1	Kerala State Government Secretariat Last Grade Officers' Association, Thiruvananthapuram
2	The T. C. Arabic Munshees' Association
3	Kerala Compounders' Association, Thiruvananthapuram Now known as Kerala Pharmacists Association
4	Kerala Judicial Officers' Association
5	The Kerala Secretariat Non-Gazetted Officers' Association, Thiruvananthapuram
6	The Kerala High Court Last Grade Servants Association

LIBRARY ARCHIVES Kerala Legislative Assembly